(സി) ആശുപത്രിയിലെത്തുന്ന ഗർഭിണികളുടെ എണ്ണത്തിലുണ്ടായ വർധനവ് കണക്കിലെടുത്ത് നഴ്സുമാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ആവശ്യത്തിന് നഴ്സുമാരില്ലാത്തതിനാൽ നിലവിലുള്ളവരുടെ ജോലി ഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്ത് പരിഹാര നടപടികളാണ് കൈകൊള്ളാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 27692.

(ബി) 90.

(സി) അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം കണക്കാക്കിയാണ് ഡോക്ടർമാരുടെയും നഴ്സുമാരുടേയും തസ്തികകൾ അനുവദിക്കുന്നത്.

(ഡി)&(ഇ)അവിടെ 176 നഴ്സുമാരുടെ തസ്തികയുള്ളതിൽ 173 പേർ ജോലിചെയ്യുന്നുണ്ട്. ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

147 (773) പിറവം ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ 50 കിടക്കകളുടെ പുതിയ കെട്ടിടത്തിന്റെ പണി എന്നാണ് പൂർത്തിയായത്;

(ബി) ഈ കെട്ടിടത്തിലേക്ക് നിലവിലുള്ള ആശുപത്രി മാറ്റി പ്രവർത്തിപ്പിക്കുന്നതിന് എന്താണ് ഇപ്പോൾ തടസ്സമുള്ളത്;

(സി) കെട്ടിടം പണിയുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; കെട്ടിടം പണിക്ക് എന്തുതുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) നിലവിൽ 10 കിടക്കകളുള്ള ഈ ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ട്;

(ഇ) 50 കിടക്കകളുള്ള ആശുപത്രിയായി പ്രവർത്തനം ആരംഭിക്കുമ്പോൾ എത്ര ജീവനക്കാർ അധികമായി വേണ്ടിവരും;

(എഫ്) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 15.5.99-ൽ പണി പൂർത്തിയായി.

(ബി) വെള്ളം, വെളിച്ചം എന്നിവ ഇപ്പോൾ ലഭ്യമല്ലാത്തതിനാലാണ് മാറ്റി പ്രവർത്തിപ്പിക്കാത്തത്. ആയത് ലഭ്യമാക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ആയത് ഉടൻ ലഭ്യമാക്കി തരുന്നതാണെന്ന് പഞ്ചായത്തധികൃതർ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജി.ഒ. ആർ.ടി. 2448/93/ആ.കു.വ തീയതി 15.9.1993 27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 10 കിടക്കയുള്ള ആശുപത്രിയിൽ ഇപ്പോൾ 9 ജീവനക്കാരുണ്ട്.

മെഡിക്കലാഫീസർ	-	1
ഫാർമസിസ്റ്റ്	-	1
നഴ്സ് ഗ്രേഡ് 2	-	2
നഴ്സിംഗ് അസിസ്റ്റന്റ്	-	1
അറ്റൻഡർ	-	1
കുക്ക്	-	1
പി.റ്റി.എസ്	-	1
ഹോസ്പിറ്റൽ അറ്റന്റന്റ്	-	1
മൊത്തം		9

(ഇ) 50 കിടക്കകളുള്ള ആശുപത്രിയായി പ്രവർത്തനം ആരംഭിക്കുമ്പോൾ 13 തസ്തികകൾ അധികമായി വേണ്ടിവരും.

(എഫ്) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

148 (774) പുതിയ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കാൻ നടപടി

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ കേരളത്തിൽ പുതുതായി ആയുർവേദ ആശുപത്രികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര എണ്ണം;

(ബി) ഇതുവരെ ഏതെല്ലാം സ്ഥലങ്ങളിൽ ആയുർവേദ ആശുപത്രികൾ തുടങ്ങി; ഇപ്രകാരം ആശുപത്രികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) നിലവിലുള്ള ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം പുതിയതായി 100 ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിനും 5 ഡിസ്പെൻസറികൾ ആശുപത്രിയായി ഉയർത്തുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly